**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1113** **29-08-2022 - ൽ മറുപടിയ്ക്ക്**

**തഴക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്കുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് തഴക്കര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വേണ്ടി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെയും പ്രവർത്തന പുരോഗതിയുടെയും വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. തഴക്കര ഗ്രാമപഞ്ചായത്തിൽ നിന്നും മാങ്കാംകുഴി എന്ന സ്ഥലത്ത് കൃഷി വകുപ്പിന്റെ 15 സെന്റ് സ്ഥലം ഉന്നതതല ജല സംഭരണിയുടെ നിർമ്മാണത്തിനായി വിട്ടുകിട്ടേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, പ്രവൃത്തി കരാർ നൽകി ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് തഴക്കര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വേണ്ടി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെയും പ്രവർത്തന പുരോഗതിയുടെയും വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. തഴക്കര ഗ്രാമപഞ്ചായത്തിൽ നിന്നും മാങ്കാംകുഴി എന്ന സ്ഥലത്ത് കൃഷി വകുപ്പിന്റെ 15 സെന്റ് സ്ഥലം ഉന്നതതല ജല സംഭരണിയുടെ നിർമ്മാണത്തിനായി |

| | | | |
|---|---|---|---|
| | | | വിട്ടുകിട്ടേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, പ്രവൃത്തി കരാർ നൽകി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | നൽകിയ കണക്ഷനുകളുടെ എണ്ണം (22.08.2022 വരെ) |
|---|---|---|---|---|
| 1 | തഴക്കര | 10656 | 8095.47 | 1246 |
| 2 | ചെട്ടികുളങ്ങര | 12228 | 8210.40 | 188 |

**സെക്ഷൻ ഓഫീസർ**